**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2337** **12-02-2024 - ൽ മറുപടിയ്ക്ക്**

**വനിതാ ശാക്തീകരണവുമായി ബന്ധപ്പെട്ട പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വനിതാ ശാക്തീകരണവുമായി ബന്ധപ്പെട്ട് വനിതാ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് നിലവിൽ നടത്തിവരുന്നതും പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; വിശദമാക്കാമോ? | (എ) | **വനിതാ ശാക്തീകരണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് നിലവിൽ നടത്തി വരുന്നതും പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന പദ്ധതികളുടെ സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

## a) <u>വായ്പാ പദ്ധതികൾ</u>

### I. <u>ന്യൂനപക്ഷ വിഭാഗം</u>

**<u>യോഗ്യതാ മാനദണ്ഡങ്ങൾ</u>**

1) സർക്കാർ അംഗീകരിച്ച ന്യൂനപക്ഷ സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട വനിതയായിരിക്കണം.

2) വരുമാന പരിധി രണ്ടായി തിരിച്ചിരിക്കുന്നു - ക്രെഡിറ്റ് ലൈൻ ഒന്നിൽ ഗ്രാമ പ്രദേശങ്ങളിൽ വാർഷിക വരുമാനം 98,000 രൂപ വരെയും, നഗര പ്രദേശങ്ങളിൽ 1,20,000 രൂപ വരെയുമാണ്.

3) ക്രെഡിറ്റ് ലൈൻ രണ്ടിൽ മൊത്തം വരുമാന പരിധി 8.00 ലക്ഷം രൂപ വരെയാണ്.

#### 1. <u>സ്വയം തൊഴിൽ വായ്പാ പദ്ധതി</u>

- പരമാവധി വായ്പാ തുക
  - a) ക്രെഡിറ്റ് ലൈൻ I - 20 ലക്ഷം രൂപ
  - b) ക്രെഡിറ്റ് ലൈൻ II - 30 ലക്ഷം രൂപ
- പലിശ നിരക്ക് - 6% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 18 നും 55 നും മദ്ധ്യേ

#### 2. <u>വിദ്യാഭ്യാസ വായ്പ പദ്ധതി</u>

- പരമാവധി വായ്പാ തുക
  - a) ക്രെഡിറ്റ് ലൈൻ I - 20 ലക്ഷം രൂപ (ഇന്ത്യ)

b) ക്രെഡിറ്റ് ലൈൻ II - 30 ലക്ഷം രൂപ (വിദേശം)

- പലിശ നിരക്ക്

  a) ക്രെഡിറ്റ് ലൈൻ I - 3%

  b) ക്രെഡിറ്റ് ലൈൻ II - 5%

- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 16 നും 32 നും മദ്ധ്യേ

3. **<u>ലഘു വായ്പ പദ്ധതി (വനിതാ സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി/എൻ.ജി.ഒ))</u>**

- പരമാവധി വായ്പാ തുക

  a) ക്രെഡിറ്റ് ലൈൻ I - എസ്. എച്ച്. ജി (20 ലക്ഷം രൂപ ),

  എൻ.ജി.ഒ (30 ലക്ഷം), സി.ഡി.എസ് (3 കോടി രൂപ)

  b) ക്രെഡിറ്റ് ലൈൻ II - 30 ലക്ഷം രൂപ എസ്. എച്ച്. ജി,

  എൻ.ജി.ഒ (30 ലക്ഷം), സി.ഡി.എസ് (3 കോടി രൂപ)

- പരമാവധി അംഗപരിധി - 20 അംഗങ്ങൾ
- പലിശ നിരക്ക്

  ക്രെഡിറ്റ് ലൈൻ I & II - എസ്.എച്ച്.ജി -5%, എൻ.ജി.ഒ - 2%, സി.ഡി.എസ് -3.5%

- തിരിച്ചടവ് കാലാവധി - 36 മാസം

4. **<u>വിരാസത്ത് പദ്ധതി (കരകൗശല നിർമ്മാണ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി)</u>**

- പരമാവധി വായ്പാ തുക

  ക്രെഡിറ്റ് ലൈൻ I - 10 ലക്ഷം രൂപ

  - പലിശ നിരക്ക് - 4% (വാർഷിക പലിശ)
  - തിരിച്ചടവ് കാലാവധി - 60 മാസം

- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 18 നും 55 നും മദ്ധ്യേ
- വരുമാന പരിധി ക്രെഡിറ്റ് ലൈൻ ഒന്നിൽ ഗ്രാമ പ്രദേശങ്ങളിൽ വാർഷിക വരുമാനം 98,000 രൂപ വരെയും, നഗര പ്രദേശങ്ങളിൽ 1,20,000 രൂപ വരെയുമാണ്.

## II. പിന്നോക്ക വിഭാഗം

### യോഗ്യതാ മാനദണ്ഡങ്ങൾ

1) സർക്കാർ അംഗീകരിച്ച പിന്നോക്ക സമുദായങ്ങളിലേതിലെങ്കിലും (ഒ.ബി.സി) ഉൾപ്പെട്ട വനിതയായിരിക്കണം.
2) വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ താഴെയായിരിക്കണം.

### 1. സ്വയം തൊഴിൽ വായ്പാ പദ്ധതി

- പരമാവധി വായ്പാ തുക - 15 ലക്ഷം രൂപ വരെ
- പലിശ നിരക്ക് - (വാർഷിക പലിശ) 5 ലക്ഷം രൂപ വരെ -6%, 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ - 7%, 10 ലക്ഷം രൂപ മുതൽ 15 ലക്ഷം രൂപ വരെ - 8%
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 18 നും 55 നും മദ്ധ്യേ

### 2. വിദ്യാഭ്യാസ വായ്പ പദ്ധതി

- പരമാവധി വായ്പാ തുക - ഇന്ത്യ - 15 ലക്ഷം രൂപ വരെ, വിദേശം - 20 ലക്ഷം രൂപ വരെ
- പലിശ നിരക്ക് - 3.5% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 16 നും 32 നും മദ്ധ്യേ

### 3. ലഘു വായ്പ പദ്ധതി

- പരമാവധി വായ്പാ തുക - 15 ലക്ഷം രൂപ വരെ, ഒരു അംഗത്തിന് പരമാവധി 100000 രൂപ വരെ
- പരമാവധി അംഗ പരിധി - 20 അംഗങ്ങൾ, ഒരു സി.ഡി.എസ്.ന് 3 കോടി രൂപ വരെ
- പലിശ നിരക്ക് - 4% (വാർഷിക പലിശ), സി.ഡി.എസ്.ന് - 3%
- തിരിച്ചടവ് കാലാവധി - 36 മാസം

## III. പട്ടിക ജാതി വിഭാഗം

### യോഗ്യതാ മാനദണ്ഡങ്ങൾ

1) സർക്കാർ അംഗീകരിച്ച പട്ടികജാതി സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട വനിതയായിരിക്കണം
2) വാർഷിക വരുമാന പരിധി മൂന്ന് ലക്ഷം രൂപയിൽ താഴെയായിരിക്കണം.

### 1. സ്വയം തൊഴിൽ വായ്പാ പദ്ധതി

#### (I). സുവിധ ലോൺ

- പരമാവധി വായ്പാ തുക - 10 ലക്ഷം രൂപ
- പലിശ നിരക്ക് - 6% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 18 നും 55 നും മദ്ധ്യേ

#### (II).ഉത്കർഷ് ലോൺ

- പരമാവധി വായ്പാ തുക - 10-50 ലക്ഷം രൂപ
- പലിശ നിരക്ക് - 9% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 18 നും 55 നും മദ്ധ്യേ

### 2. വിദ്യാഭ്യാസ വായ്പ പദ്ധതി

- പരമാവധി വായ്പാ തുക - 30 ലക്ഷം രൂപ, വിദേശം - 40 ലക്ഷം രൂപ
- പലിശ നിരക്ക് - 5.5% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 16 നും 32 നും മദ്ധ്യേ

### 3. ലഘു വായ്പ പദ്ധതി

- പരമാവധി വായ്പാ തുക - 1.25 ലക്ഷം രൂപ വരെ
- പലിശ നിരക്ക് - 5% (വാർഷിക പലിശ), സി.ഡി.എസ്.ന് - 3.5%
- തിരിച്ചടവ് കാലാവധി - 36 മാസം

**4. മഹിള അധികാരിത യോജന**

- പരമാവധി വായ്പാ തുക - 5 ലക്ഷം രൂപ
- പലിശ നിരക്ക് - 5.5% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 7 വർഷം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 18 നും 55 നും മദ്ധ്യേ

**IV. പട്ടികവർഗ്ഗ വിഭാഗം**

**യോഗ്യതാ മാനദണ്ഡങ്ങൾ**

1) സർക്കാർ അംഗീകരിച്ച പട്ടികവർഗ്ഗ സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട വനിതയായിരിക്കണം.
2) വാർഷിക വരുമാന പരിധി മൂന്ന് ലക്ഷം രൂപയിൽ താഴെയായിരിക്കണം.

**1. ആദിവാസി മഹിളാ സശക്തീകരണ യോജന**

- പരമാവധി വായ്പാ തുക - 2.00 ലക്ഷം രൂപ
- പലിശ നിരക്ക് - 4% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 18 നും 55 നും മദ്ധ്യേ

**2. ലഘു വായ്പ പദ്ധതി**

- പരമാവധി വായ്പാ തുക - 5 ലക്ഷം രൂപ വരെ, ഒരു അംഗത്തിന് പരമാവധി 50,000/- രൂപ വരെ
- പലിശ നിരക്ക് - 3% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 36 മാസം

**3. ആദിവാസി ശിക്ഷാ റിൺ യോജന (വിദ്യാഭ്യാസ വായ്പ)**

- പരമാവധി വായ്പാ തുക - 10 ലക്ഷം രൂപ
- പലിശ നിരക്ക് - 6% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം (കോഴ്സ് കാലാവധി + 6 മാസത്തിന് ശേഷം)
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 18 നും 32 നും മദ്ധ്യേ

## V. മുന്നോക്ക വിഭാഗം

### യോഗ്യതാ മാനദണ്ഡങ്ങൾ

1) മറ്റ് വിഭാഗങ്ങളിലൊന്നും ഉൾപ്പെടാത്ത വനിതയായിരിക്കണം
2) വാർഷിക വരുമാന പരിധി 3 ലക്ഷം രൂപയിൽ താഴെയായിരിക്കണം.

### 1. സ്വയം തൊഴിൽ വായ്പാ പദ്ധതി

- പരമാവധി വായ്പാ തുക - 5 ലക്ഷം രൂപ
- പലിശ നിരക്ക് - 6% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 18 നും 55 നും മദ്ധ്യേ

## VI. ശുചീകരണ തൊഴിലാളികൾക്കുള്ള വായ്പാ പദ്ധതി

ദേശീയ സഫായ് കരംചാരീസ് ധനകാര്യ വികസന കോർപ്പറേഷന്റെ സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായി പ്രവർത്തിക്കുന്നതിനുള്ള അനുമതി സർക്കാർ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകി. ശുചീകരണ തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും സാമൂഹിക, സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ കുടുംബശ്രീ, ശുചിത്വമിഷൻ എന്നീ സ്ഥാപനങ്ങളു മായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.

### യോഗ്യതാ മാനദണ്ഡങ്ങൾ

1) ശുചീകരണ തൊഴിലാളികളും അവരുടെ ആശ്രിതർക്കും
2) കുടുംബശ്രീ മിഷന്റെ ഹരിത കർമ്മ സേനയിൽ ഉൾപ്പെട്ടവർ
3) മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

### 1. സ്വയം തൊഴിൽ വായ്പാ പദ്ധതി

- പരമാവധി വായ്പാ തുക - 15 ലക്ഷം രൂപ
- പലിശ നിരക്ക് - 6% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 84 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

### 2. *വിദ്യാഭ്യാസ വായ്പ പദ്ധതി

- പരമാവധി വായ്പാ തുക - 10 ലക്ഷം രൂപ, വിദേശം - 20 ലക്ഷം രൂപ
- പലിശ നിരക്ക് - 3.5% (വാർഷിക പലിശ) വിദേശം - 4%

- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

*ശുചീകരണ തൊഴിലാളികളുടെ ആശ്രിത വിദ്യാർത്ഥിനികൾ

3. **ലഘു വായ്പ പദ്ധതി**

- ഒരു അംഗത്തിന് പരമാവധി വായ്പാ തുക - 60,000/-രൂപ
- പരമാവധി വായ്പാ തുകപരിധി - 6.00 ലക്ഷം രൂപ (ഒരു ഗ്രൂപ്പിന്)
- പലിശ നിരക്ക് സി.ഡി.എസ്. ന് - 3% (വാർഷിക പലിശ),
- തിരിച്ചടവ് കാലാവധി - 36 മാസം

കുടുംബശ്രീയുടെ സി.ഡി.എസ്. ന് കീഴിൽ രജിസ്റ്റർ ചെയ്ത വനിതാ ശുചീകരണ അംഗങ്ങളുടെ ഗ്രൂപ്പുകൾ

**4.സ്വച്ഛ്താ ഉദ്യമി യോജന വായ്പ പദ്ധതി**

- പരമാവധി വായ്പാ തുക - 50 ലക്ഷം രൂപ
- പലിശ നിരക്ക് - 4% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 84 മാസം

ശുചീകരണവുമായി ബന്ധപ്പെട്ട് വാഹനങ്ങൾ/ശുചീകരണ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനായി. ശുചീകരണവുമായി ബന്ധപ്പെട്ട തൊഴിലാളികൾ, ഗ്രൂപ്പുകൾ

## VII. നോർക്ക വനിതാ മിത്ര-സ്വയം തൊഴിൽ വായ്പാ പദ്ധതി

പ്രവാസ ജീവിതം അവസാനിപ്പിച്ച് മടങ്ങിയെത്തുന്ന വനിതകൾക്കായി വനിതാ വികസന കോർപ്പറേഷനും നോർക്ക റൂട്ട്സും സംയുക്തമായി നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പ പദ്ധതിയാണ് നോർക്ക വനിതാ മിത്ര പദ്ധതി. വിദേശത്ത് രണ്ട് വർഷമെങ്കിലും ജോലി നോക്കുകയോ താമസിക്കുകയോ ചെയ്ത ശേഷം മടങ്ങിയെത്തുന്ന വനിതകൾക്ക് പരമാവധി 30 ലക്ഷം രൂപ വരെയുള്ള വായ്പകളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. കൃത്യമായി വായ്പ തിരിച്ചടവ് നടത്തുന്ന അപേക്ഷകയ്ക്ക് പദ്ധതി ചെലവിന്റെ 15% തുല്യമായ തുക (പരമാവധി 3 ലക്ഷം രൂപ വരെ) മൂലധന സബ്സിഡിയും ആദ്യത്തെ 4 വർഷം വായ്പ തുകയിന്മേൽ 3% പലിശ സബ്സിഡിയും അനുവദിക്കാവുന്നതാണ്. നോർക്ക റൂട്ട്സിന്റെ അന്തിമ അനുമതി ലഭ്യമാകുന്നവർക്ക് മാത്രമേ ഈ വായ്പ ലഭിക്കുകയുള്ളൂ. അനുവദിച്ചു നൽകാവുന്ന വായ്പ തുകയും പലിശ നിരക്കുകളും അതാത് ദേശീയ ധനകാര്യ വികസന കോർപ്പറേഷനുകളുടെ

മാനദണ്ഡങ്ങൾക്കനുസൃതമായിരിക്കും. ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 1000 പേർക്ക് പ്രസ്തുത പദ്ധതി പ്രകാരം വായ്പ നൽകുന്നതിന് പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

**യോഗ്യതാ മാനദണ്ഡങ്ങൾ**

1) പ്രായം 18 നും 55 നും മദ്ധ്യേ
2) ജാമ്യം-വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
3) തിരിച്ചടവ് കാലാവധി - 60 മാസം

## VIII. 'SMILE KERALA' - സമാശ്വാസ വായ്പാ പദ്ധതി

കേരളത്തിൽ കോവിഡ്-19 ബാധിച്ച് മുഖ്യ വരുമാനാശ്രയമായ വ്യക്തി മരണപ്പെട്ട കുടുംബങ്ങളെ സഹായിക്കുന്നതിനായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനും കേരള സർക്കാരും സംയുക്തമായി നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പ പദ്ധതിയാണ് 'SMILE KERALA' പദ്ധതി. കോവിഡ് 19 ബാധിച്ചു മരണമടഞ്ഞവരുടെ ആശ്രിതരായ 18നും 55നും മദ്ധ്യേ പ്രായമുള്ള വനിതകൾക്കാണ് വായ്പ ലഭിക്കുക. പദ്ധതി പ്രകാരം പരമാവധി 5 ലക്ഷം രൂപ വരെയാണ് സ്വയം തൊഴിൽ വായ്പയായി ലഭിക്കുന്നത്. വായ്പ കൃത്യമായി തിരിച്ചടക്കുന്ന ഗുണഭോക്താക്കൾക്ക് വായ്പ തുകയുടെ 20% അല്ലെങ്കിൽ പരമാവധി ഒരു ലക്ഷം രൂപ വരെ സബ്സിഡി ലഭിക്കുന്നതാണ്. ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ജാമ്യമായി കരം അടച്ച രസീത് സ്വീകരിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 3 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്.

**യോഗ്യതാ മാനദണ്ഡങ്ങൾ**

1)അപേക്ഷകയുടെ പ്രായ പരിധി - 18നും 55നും മദ്ധ്യേ
2)പലിശ നിരക്ക് - 6%

## IX. വനിതാ സഹകരണ സംഘങ്ങൾക്കുള്ള ലഘു വായ്പ പദ്ധതി

സംസ്ഥാനത്ത് മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്ന വനിതാ ഫെഡിന് കീഴിലെ സഹകരണ സംഘങ്ങൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ നൽകുന്ന ലഘു വായ്പ പദ്ധതികളും കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്നുണ്ട്. കോർപ്പറേഷന്റെ തനതു ഫണ്ട് വിനിയോഗിച്ച് കൊണ്ടുള്ള പ്രസ്തുത പദ്ധതി മുഖാന്തിരം വനിതകൾക്കായുള്ള സംരംഭങ്ങൾ നടത്തുന്നതിനായാണ് വായ്പ നൽകി വരുന്നത്.

- പരമാവധി വായ്പാ തുക - 10 ലക്ഷം രൂപ വരെ
- പലിശ നിരക്ക് - 6%
- തിരിച്ചടവ് കാലാവധി - 60 മാസം

വായ്പ വ്യവസ്ഥകൾ കാലാകാലങ്ങളിൽ പരിഷ്ക്കരണത്തിന് വിധേയമായിരിക്കും.

## പുതിയതായി വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വായ്പാ പദ്ധതികൾ

### BC Credit Line II Scheme

പിന്നോക്ക വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ വനിതകൾക്ക് സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതി. പിന്നോക്ക വിഭാഗത്തിൽപ്പെട്ട ക്രീമിലെയർ വരുമാന പരിധിയിലുള്ളവർക്കാണ് വായ്പ ലഭ്യമാക്കുന്നത്.

- വിഭാഗം - പിന്നോക്ക വിഭാഗത്തിൽപ്പെട്ട 18-60 നും മദ്ധ്യേ പ്രായമുള്ള വനിതകൾ (കേരള സർക്കാർ അംഗീകരിച്ച പിന്നോക്ക സമുദായങ്ങളിലേതെങ്കിലും (ഒ.ബി.സി.))
- പരമാവധി വായ്പാ തുക - 5 ലക്ഷം രൂപ
- വാർഷിക വരുമാന പരിധി - 8 ലക്ഷം രൂപ വരെ (3-8 ലക്ഷം വരെ)
- വാർഷിക പലിശ നിരക്ക് - 8%
- പിഴപ്പലിശ - 6%
- തിരിച്ചടവ് കാലാവധി - 5 വർഷം
- പരമാവധി വാർഷിക വായ്പാ വിതരണ വിഹിതം - 10 കോടി (കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും)
- മറ്റ് നിബന്ധനകൾ/ജാമ്യ വ്യവസ്ഥകൾ - കോർപ്പറേഷന്റെ നിലവിലെ സംരംഭക വായ്പ മാനദണ്ഡങ്ങൾക്കനുസൃതമായി

### General Scheme II

സംസ്ഥാനത്തെ പൊതുവിഭാഗത്തിൽപ്പെട്ട Lower Middle Class ലെ വനിതകൾക്കായി കോർപ്പറേഷന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതി.

- വിഭാഗം - പൊതുവിഭാഗത്തിൽപ്പെട്ട 18-60 നും മദ്ധ്യേ പ്രായമുള്ള വനിതകൾ (കേരള സർക്കാർ അംഗീകരിച്ച മുന്നോക്ക സമുദായങ്ങളിലേതെങ്കിലും പൊതു വിഭാഗത്തിൽപ്പെട്ടവർ)

- പരമാവധി വായ്പാ തുക - 5 ലക്ഷം രൂപ
- വാർഷിക വരുമാന പരിധി - 8 ലക്ഷം രൂപ വരെ (3-8 ലക്ഷം വരെ)
- വാർഷിക പലിശ നിരക്ക് - 8%
- പിഴപ്പലിശ - 6%
- തിരിച്ചടവ് കാലാവധി - 5 വർഷം
- പരമാവധി വാർഷിക വായ്പാ വിതരണ വിഹിതം - 5 കോടി (കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും)
- മറ്റ് നിബന്ധനകൾ/ജാമ്യ വ്യവസ്ഥകൾ - കോർപ്പറേഷന്റെ നിലവിലെ സംരംഭക വായ്പ മാനദണ്ഡങ്ങൾക്കനുസൃതമായി

**വിദ്യാമിത്ര - വിദ്യാഭ്യാസ വായ്പ (പൊതുവിഭാഗം)**

സംസ്ഥാനത്തെ പൊതുവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കായി വനിതാ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന വിദ്യാഭ്യാസ വായ്പ പദ്ധതി.

- വിഭാഗം - പൊതുവിഭാഗത്തിൽപ്പെട്ട (18-32 ന് മദ്ധ്യേ) യുള്ള വിദ്യാർത്ഥിനികൾക്ക്
- വായ്പാ തുക - പരമാവധി 10 ലക്ഷം രൂപ വരെ
- വാർഷിക പലിശ - 7.5%
- വാർഷിക വരുമാനം - മൂന്ന് ലക്ഷം രൂപ വരെ
- തിരിച്ചടവ് കാലാവധി - 5 വർഷം (കോഴ്സ് പൂർത്തിയാക്കി ആറ് മാസത്തിന് ശേഷം)
- മൊറട്ടോറിയം പിരീഡ് - പരമാവധി ആറ് മാസം (കോഴ്സ് പൂർത്തിയാക്കിയതിന് ശേഷം)
- വാർഷിക വായ്പാ വിതരണം വിഹിതം - 50 ലക്ഷം രൂപ (ഒരാൾക്ക് പരമാവധി 10 ലക്ഷം രൂപ)
- മറ്റ് നിബന്ധനകൾ - കോർപ്പറേഷന്റെ നിലവിലെ വിദ്യാഭ്യാസ വായ്പ മാനദണ്ഡങ്ങൾക്കനുസരിച്ച്.

**KSWDC സ്മാൾ ലോൺ സ്കീം**

സംസ്ഥാനത്തെ സാമ്പത്തികമായി വളരെയധികം പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന വനിതകൾക്ക് (വഴിയോര കച്ചവടക്കാർ, ചെറുകിട സംരംഭകർ, മറ്റ് ആശ്രിതരില്ലാത്ത കുട്ടികളുള്ള അമ്മമാർ) ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെ ഫണ്ട് ഉപയോഗിച്ച് നൽകുന്ന ഈട് രഹിത വായ്പകൾ.

- വിഭാഗം - 18-55 നും മദ്ധ്യേ പ്രായമുള്ള വനിതകൾ
- വായ്പാ തുക - പരമാവധി 50,000 രൂപ വരെ
- വാർഷിക പലിശ - ദേശീയ കോർപ്പറേഷൻ/ വനിതാ വികസന കോർപ്പറേഷൻ മാനദണ്ഡമനുസരിച്ച്
- വാർഷിക വരുമാനം - 1,20,000/- രൂപ വരെ
- തിരിച്ചടവ് കാലാവധി - 3 വർഷം
- ജാമ്യ വ്യവസ്ഥ - പദ്ധതി തന്നെ മുൻകൂർ ജാമ്യമായി സമർപ്പിച്ച് കൊണ്ട് (ഹൈപ്പോത്തിക്കേഷൻ മേത്തഡ്)

- മറ്റ് നിബന്ധനകൾ - കോർപ്പറേഷന്റെ നിലവിലെ വായ്പ മാനദണ്ഡമനുസരിച്ച്

## (b) സേവന പദ്ധതികൾ

**181 വിമൻ ഹെൽപ് ലൈൻ**

കേരളത്തിലെ വനിതകൾക്ക് 181 എന്ന ഏക ടോൾ ഫ്രീ നമ്പരിലൂടെ എല്ലാ മേഖലകളിലെയും വിവര അന്വേഷണവും, അത്യാവശ്യ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടു കൂടി, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സംസ്ഥാന സർക്കാരിന് വേണ്ടി ഇരുപത്തിനാല് മണിക്കൂറും സേവനം ലഭ്യമാകുന്ന എമർജൻസി ഹെൽപ്പ് ലൈൻ സംവിധാനം നടത്തി വരുന്നു. സ്ത്രീകൾക്ക് ഏത് അത്യാവശ്യ ഘട്ടത്തിലും സഹായം അഭ്യർത്ഥിക്കാനും, നിമിഷങ്ങൾക്കുള്ളിൽ തന്നെ പരിഹാരം കാണാനും ഇതിലൂടെ സൗകര്യം ഒരുക്കിയിരിക്കുന്നു. 181 എന്ന ടോൾ ഫ്രീ നമ്പറിലേക്ക് വിളിക്കുന്നതിലൂടെ സ്ഥലത്തെ പ്രധാന ഹോസ്പിറ്റൽ, പോലീസ് സ്റ്റേഷൻ, ആംബുലൻസ് സർവ്വീസ് എന്നിവയുടെ സേവനങ്ങൾ ദ്രുതഗതിയിൽ ലഭ്യമാക്കുന്നതാണ്. കൂടാതെ വിവിധ സർക്കാർ, സർക്കാരേതര സ്ഥാപനങ്ങളുടെ സേവനങ്ങളെപ്പറ്റി അറിയുന്നതിനും 181 ൽ സൗകര്യമുണ്ട്.

**ഷീ പാഡ് പദ്ധതി**

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 6 മുതൽ 12 വരെയുള്ള ക്ലാസുകളിലെ പെൺകുട്ടികൾക്ക് സൗജന്യമായി ഗുണമേന്മയേറിയ സാനിട്ടറി നാപ്കിനുകൾ, നാപ്കിനുകൾ സൂക്ഷിക്കുന്നതിനാവശ്യമായ സ്റ്റീൽ അലമാര, ഉപയോഗിച്ച നാപ്കിനുകൾ കത്തിക്കുന്നതിനാവശ്യമായ ഇൻസിനറേറ്റർ എന്നിവ സ്കൂളുകളിൽ സ്ഥാപിക്കുന്ന പദ്ധതിയാണ് ഷീ പാഡ് പദ്ധതി. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ പ്രസ്തുത പദ്ധതി കോർപ്പറേഷൻ കേരളത്തിലെ വിവിധ സ്കൂളുകളിൽ നടപ്പിലാക്കി. 491 പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന 2557 ൽ പരം സ്കൂളുകളിൽ, 5.7 ലക്ഷം വിദ്യാർത്ഥിനികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കി. പദ്ധതി പ്രകാരം ആർത്തവ ശുചിത്വ അവബോധ ക്ലാസ്സുകളും നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കൂടുതൽ ഗവ./എയ്ഡഡ് സ്കൂളുകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി പ്രചരണത്തിന്റെ ഭാഗമായി മുഴുവൻ ജില്ലകളിലും ജില്ലാതല ശില്പശാല സംഘടിപ്പിച്ചു.

**M-Cup പദ്ധതി**

പരിസ്ഥിതിയ്ക്ക് ഏറ്റവും അനുയോജ്യമായ സാനിട്ടേഷൻ ഉത്പന്നം എന്ന നിലയിൽ കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്ന മറ്റൊരു ആർത്തവ ശുചിത്വ പദ്ധതിയാണ് M-Cup പദ്ധതി. പഞ്ചായത്തുകൾ മുഖേന മുതിർന്ന വനിതകൾക്ക്

പുനരുപയോഗിക്കാവുന്ന സ്ത്രീ ശുചിത്വ ഉൽപ്പന്നമായ മെൻസ്ട്രൽ കപ്പ് വിതരണം ചെയ്യുന്ന പദ്ധതിയാണിത്. കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്തിലെ 460 സ്ത്രീകൾക്ക് മെൻസ്ട്രൽ കപ്പ് പൈലറ്റ് പ്രോജക്ടായി വിതരണം ചെയ്യുകയും 6 മാസത്തിന് ശേഷം തെരഞ്ഞെടുക്കപ്പെട്ട 49 വനിതകളിൽ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് അനുസരിച്ച് അത് ഉപയോഗിച്ച 82% സ്ത്രീകളും പൂർണ്ണമായും സംതൃപ്തരാണെന്നും കാണുന്നു. സംതൃപ്തരാണെന്നു കണ്ടതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച വാഴൂർ പഞ്ചായത്തിലെ M Cup പദ്ധതിക്ക് 2021-22 വർഷത്തെ റോട്ടറി ക്ലബ് എം.എച്ച്.എം. ഐക്കണായി വനിതാ വികസന കോർപ്പറേഷന് അംഗീകാരം ലഭിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ 5 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5016 വനിതകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളാകുന്ന വനിതകൾക്ക് സൗജന്യ അവബോധ ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം മുതൽ കേരളത്തിലെ നാഷണൽ സർവ്വീസ് സ്കീമുമായി സഹകരിച്ചു കൊണ്ട് കേരളത്തിലെ കോളേജ് വിദ്യാർത്ഥികൾക്കിടയിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു.

## ആദിവാസി വനിതാ വികസന പദ്ധതി-വനമിത്ര

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ആദിവാസി വനിതകളുടെ സമഗ്ര ശാക്തീകരണം ലക്ഷ്യമിട്ടു കൊണ്ട് കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്തിലെ നാല് ആദിവാസി ഊരുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് വനമിത്ര. ഈ പദ്ധതിയുടെ ഭാഗമായി നാല് ഊരുകളിലെ 18 നും 55 വയസ്സിനുമിടയിൽ പ്രായമുള്ള ആദിവാസി വനിതകൾക്കും വിദ്യാർത്ഥിനികൾക്കും നൈപുണ്യ വികസനം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ വിവിധങ്ങളായ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. നാളിതു വരെ 7418 പരിശീലന ദിവസങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. കേരള സർക്കാരിന്റെ കീഴിലുള്ള KIED ന്റെയും കേന്ദ്ര സർക്കാരിന്റെ ടെക്സ്റ്റൈൽ മന്ത്രാലയത്തിന് കീഴിലുള്ള എ.ടി.ഡി.സി. യുടെയും സഹകരണത്തോടെ ചക്കിട്ടപ്പാറ, തിരുവനന്തപുരം എന്നിവിടങ്ങളിലായി മൂന്ന് ഘട്ടമായാണ് തയ്യൽ പരിശീലനം നടപ്പിലാക്കിയത്. ഇതിൽ തയ്യൽ പരിശീലനം പൂർത്തിയാക്കിയ ആദിവാസി വനിതകൾ ചേർന്ന് ചക്കിട്ടപ്പാറ കുടുംബശ്രീ സി.ഡി.എസിന് കീഴിൽ രൂപീകരിച്ച തൊഴിൽ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ചക്കിട്ടപ്പാറയിൽ വനമിത്ര തൊഴിൽ കേന്ദ്രം ആരംഭിച്ച് വിജയകരമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ ഭാഗമായി പട്ടികജാതി, പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റിന്റെ സാമ്പത്തിക സഹായത്തോടെ 50 വനിതകൾക്ക് 2 കറവ പശുക്കൾ വീതം വിതരണം ചെയ്തു. ആസാദി കാ അമൃത് മഹോത്സവ് പദ്ധതിയുടെ ഭാഗമായി ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ 2021 ൽ വിശാഖപട്ടണത്ത്

വച്ച് നടത്തിയ മികച്ച വനിതാ സംരംഭകരെ ആദരിക്കുന്ന ചടങ്ങിൽ വനമിത്ര പദ്ധതിയുടെ ഭാഗമായ വനമിത്ര തൊഴിൽ കേന്ദ്രത്തെയും അവിടുത്തെ രണ്ട് വനിതകളെയും ആദരിച്ചു.

**വനിതാ മിത്ര കേന്ദ്രം-വർക്കിംഗ് വിമൻസ് ഹോസ്റ്റൽ**

സംസ്ഥാനത്തെ 14 ജില്ലകളിലും ഹോസ്റ്റൽ സൗകര്യം, യാത്രയ്ക്കിടെ തങ്ങാൻ സൗകര്യത്തിന് ലോഡ്ജിംഗ് സൗകര്യം, ഹോസ്റ്റൽ അന്തേവാസികളായ സ്ത്രീകളുടെ കുഞ്ഞുങ്ങൾക്ക് ക്രെഷ് സൗകര്യം എന്നിവ സംയോജിപ്പിച്ചു കൊണ്ട് ഒരു കുടക്കീഴിലേയ്ക്ക് ഇത്തരം സംവിധാനങ്ങൾ അണി നിരത്തുന്ന പദ്ധതിയാണ് വനിതാ മിത്ര കേന്ദ്രം-നിലവിലുള്ള 9 ഹോസ്റ്റലുകൾക്ക് പുറമെ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ പാലക്കാടും പത്തനംതിട്ടയിലും പുതുതായി വനിതാ മിത്ര കേന്ദ്രം നിർമ്മിച്ചു പ്രവർത്തനമാരംഭിച്ചു. കൂടാതെ ഇടുക്കി ജില്ലയിൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പ്രപ്പോസൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പരിഗണനയിലുണ്ട്.

സംസ്ഥാനത്തെ വിവിധ വനിതാ മിത്ര കേന്ദ്രം ഹോസ്റ്റലുകളിലായി 1000 ത്തിലധികം സ്ത്രീകൾക്ക് താമസ സൗകര്യം ലഭ്യമാക്കി വരുന്നു. കോട്ടയം, ആലപ്പുഴ, കൊല്ലം, തൃശൂർ, കാസർഗോഡ് ജില്ലകളിൽ വാടകക്കെടുത്ത കെട്ടിടങ്ങളിൽ വനിതാ മിത്ര കേന്ദ്രങ്ങൾ തുടങ്ങുന്നതിന് പദ്ധതിയുണ്ട്.

**പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ - REACH**

കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ മേഖലയിലെ ഉന്നമനത്തിനായി സർക്കാർ മേഖലയിലുള്ള, ഇന്ത്യയിൽ തന്നെ ആദ്യത്തെ ഫിനിഷിംഗ് സ്കൂളാണ് REACH- റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്. വർഷത്തിൽ ശരാശരി 360 പരിശീലനാർത്ഥികൾക്ക് പരിശീലനം നൽകിയിരുന്നത് പ്രതിവർഷം 1000 പരിശീലനാർത്ഥികൾ എന്ന തോതിലേക്കുയർന്നു. നിലവിൽ തിരുവനന്തപുരത്തും, കണ്ണൂരിലുമാണ് റീച്ച് ഉള്ളത്.

**NSDC കോഴ്സുകൾ**

100% പ്ലേയ്സ്മെന്റ് അസിസ്റ്റൻസ് ഉറപ്പ് നല്കുന്ന, നാഷണൽ സ്കിൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ (NSDC ) അംഗീകൃതമായ വിവിധ കോഴ്സുകൾ റീച്ചിൽ നടത്തി വരുന്നു. പൈത്തൺ, ഡാറ്റാ സയൻസ്, വെബ് ഡിസൈനിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സെക്യൂരിറ്റി അനലിസ്റ്റ് തുടങ്ങി വിവിധ കോഴ്സുകളിലാണ് പരിശീലനം നല്കുന്നത്. കേരള നോളജ് ഇക്കോണമി മിഷൻ (KKEM) നൽകുന്ന 70% സ്കോളർഷിപ്പ് എസ്.സി., എസ്.ടി., ട്രാൻസ്ജെൻഡർ, മത്സ്യബന്ധനം എന്നീ വിഭാഗത്തിൽപ്പെട്ടവർക്കും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബത്തിലെയും ഒറ്റ രക്ഷകർത്താവുള്ള കുടുംബത്തിലെ പെൺകുട്ടികൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

**മറ്റ് പരിശീലന പരിപാടികൾ**

ഇതിന് പുറമേ, റീച്ച് നടപ്പാക്കുന്ന മറ്റ് കോഴ്സുകളാണ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വ്യക്തിത്വ വികസന പരിശീലന പരിപാടിയായ **സ്വത്വ** മുതലായവ. 50 മണിക്കൂർ ദൈർഘ്യമുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം വഴി അനായാസം ഇംഗ്ലീഷ് സംസാരിക്കാൻ സാധിക്കുന്നതാണ്. ഇതിന് പുറമേ നോർക്കയ്ക്ക് വേണ്ടി പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ, സംരംഭകത്വ പരിശീലന പരിപാടികൾ മുതലായവയും റീച്ച് മുഖാന്തരം നടപ്പാക്കുന്നുണ്ട്.

**ASEP – N നഴ്സുമാർക്കുള്ള തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതി**

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനും സി.എം.ഡി. യും, തൊഴിൽ വകുപ്പിന് കീഴിലുള്ള ODEPC ഉം സംയോജിതമായി വിദേശ രാജ്യങ്ങളിൽ വർദ്ധിച്ചു വരുന്ന ജോലി സാധ്യത നമ്മുടെ നാട്ടിലെ നഴ്സുമാർക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഉപയുക്തമാക്കുന്നതിന് വേണ്ടി Advanced Skill Enhancement Programme for Nurses (ASEP – N) എന്ന നൈപുണ്യ വികസന കോഴ്സ് നടപ്പിലാക്കി വരുന്നു. ആറ് മാസം നീണ്ട് നിൽക്കുന്ന കോഴ്സിൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനും IELTS/OET പരീക്ഷകൾ പാസാകുന്നതിനുമുള്ള പാഠഭാഗങ്ങൾ, അടിസ്ഥാന നഴ്സിംഗ് സ്കില്ലിന് പുറമെ Emergency & critical care skill, Infection control and patient safety തുടങ്ങിയ ആധുനിക വൈദ്യ ശുശ്രൂഷാ മേഖലകളിലെ നൈപുണ്യം, കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിനുള്ള അടിസ്ഥാന വൈദഗ്ധ്യം, പെരുമാറ്റം, സമീപനം എന്നിവ മെച്ചപ്പെട്ടതാക്കുന്നതിനുള്ള സോഫ്റ്റ് സ്കിൽ എന്നിവയുടെ പരിശീലനവും ഉൾപ്പെടുത്തിയിരിക്കുന്നു. തിയറി ക്ലാസുകൾ പൂർണ്ണമായി ഓൺലൈൻ ആയും ഒരാഴ്ചത്തെ പ്രാക്ടിക്കൽ/ക്ലിനിക്കൽ സെഷൻ തിരുവനന്തപുരം റീച്ച് സെന്ററിൽ വച്ചും നടത്തുന്നുണ്ട്. കോഴ്സിന്റെ അവസാനത്തെ ആറാഴ്ച്ച എല്ലാവിധ സൗകര്യവുമുള്ള സർക്കാർ മെഡിക്കൽ കോളേജ്/സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ observership നുള്ള അവസരം ലഭ്യമാക്കുന്നതും ഈ കോഴ്സിന്റെ പ്രത്യേകതയാണ്. ഒരു ബാച്ചിൽ 30 പേർക്ക് വീതം അഡ്മിഷൻ ലഭിക്കും. ആറ് മാസത്തെ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് യു.കെ.യിലെ ആശുപത്രികളിലാണ് ODEPC മുഖേന ജോലി സാധ്യത ഉറപ്പാക്കിയിട്ടുള്ളത്. സർക്കാരിന്റെ ധനസഹായത്തോടെ നടത്തുന്ന ഈ പരിശീലന പരിപാടി പരമാവധി ഫീസ് ഇളവോടെയാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. എട്ട് ബാച്ചുകളിലായി 250 പേർക്ക് ഇതു വരെ പരിശീലനം നൽകിയിട്ടുണ്ട്.

## Introductory English Training Programme (IETP)

നഴ്സിംഗ്/എയ്ഡഡ് കോളേജുകളിലെ അവസാന വർഷ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ആംഗലേയ ഭാഷയിൽ പ്രാവീണ്യം നൽകുന്നതിന് റീച്ച് ആവിഷ്ക്കരിച്ച പദ്ധതിയാണ് Introductory English Training Programme (IETP) പൈലറ്റ് അടിസ്ഥാനത്തിൽ 155 വിദ്യാർത്ഥികൾക്ക് പ്രാഥമിക ഘട്ടത്തിൽ പരിശീലനം നൽകി. Listening, speaking, reading, writing തുടങ്ങി ഇംഗ്ലീഷ് ഭാഷയിലെ നാല് തലങ്ങളിൽ വൈദഗ്ധ്യമുള്ള പരിശീലകർ ആണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. തിരുവനന്തപുരത്തും, കണ്ണൂരുമുള്ള നഴ്സിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകിയത്.

## ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള വായ്പാ പദ്ധതി

സമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്തലും പരിഹാസവും സഹിച്ചു വന്നിരുന്ന ട്രാൻസ്ജെൻഡേഴ്സ് അവയെ അതിജീവിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വന്നു തുടങ്ങിയത് 2014 ഓടു കൂടിയാണ്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പ്രത്യേക പരിഗണന നല്കാൻ കേരള സമൂഹവും സംസ്ഥാന സർക്കാരും ശ്രദ്ധിക്കുന്നുണ്ട്. ഇതു മുഖേന ചെറിയൊരു ശതമാനം ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തൊഴിൽ അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. കുടുംബശ്രീകൾ വഴിയും സർക്കാർതലത്തിൽ കൊച്ചി മെട്രോ വഴിയും തൊഴിൽ നേടാൻ പലർക്കും കഴിഞ്ഞിട്ടുണ്ട്. വനിതകൾക്കെന്ന പോലെ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി സാമൂഹ്യനീതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പരമാവധി 3 ലക്ഷം രൂപ വീതം വനിതാ വികസന കോർപ്പറേഷന്റെ നിലവിലെ വായ്പാ വ്യവസ്ഥകൾക്കനുസൃതമായി നൽകി വരുന്നു. നാളിതുവരെ 40 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭ വായ്പ വിതരണം ചെയ്തു. നടപ്പ് സാമ്പത്തിക വർഷം 55 വ്യക്തികൾക്ക് കൂടി വായ്പ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## വനിതകൾക്ക് വേണ്ടിയുള്ള സംരംഭകത്വ വികസന പരിശീലന പരിപാടി

സംസ്ഥാനത്തെ വനിതകളെ (18 നും 55 നും മദ്ധ്യേ പ്രായമുള്ള) സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിലേക്കായി സംരംഭകത്വ പരിശീലനവും കൂടാതെ അവരെ ധൈര്യപൂർവ്വം ജീവിത സാഹചര്യങ്ങളെ നേരിടുന്നതിനും സ്വയം തീരുമാനമെടുക്കുന്നതിനും, സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും പ്രാപ്തരാക്കുന്നതിനും വേണ്ടി പ്രത്യേക പരിശീലന പരിപാടി വനിത വികസന കോർപ്പറേഷൻ നടപ്പാക്കുന്നു. ആറ് ദിവസം നീണ്ടു നിൽക്കുന്ന പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 1500/- രൂപ സ്റ്റൈപ്പന്റ് നൽകുന്നതാണ്. പരിശീലനത്തിലൂടെ തൊഴിൽ അന്വേഷകരായ വനിതകൾക്ക് സ്വന്തമായി യൂണിറ്റുകൾ ആരംഭിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഭാവിയിൽ സ്വയം പര്യാപ്തത

നേടുന്നതിന് വേണ്ട സാഹചര്യം ഒരുക്കുന്നതിനുമാണ് വനിതാ വികസന കോർപ്പറേഷൻ ലക്ഷ്യമിടുന്നത്. RUDSETI മുഖേനയാണ് പരിശീലനം നൽകുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 1080 പേർക്ക് പരിശീലനം നൽകാൻ കോർപ്പറേഷന് സാധിച്ചു.

## (c) <u>ലിംഗാവബോധ പരിപാടികൾ</u>

**ബോധ്യം-പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി**

മിത്ര 181 വനിതാ ഹെൽപ്പ് ലൈനിന്റെ സംസ്ഥാനത്തെ നടത്തിപ്പുകാരായ വനിതാ വികസന കോർപ്പറേഷൻ, 181 മിത്ര പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ സ്ത്രീകൾ, കുട്ടികൾ, ലിംഗലൈംഗിക ന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെ ഫലപ്രദമായ പോലീസ് ഇടപെടൽ സാധ്യമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് ബോധ്യം ലിംഗാവബോധ പരിശീലന പരിപാടി. സംസ്ഥാനത്തെ ഇരുപത് പോലീസ് ജില്ലകളിലെ വിവിധ പോലീസ് സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥർക്കുള്ള ഇൻ-സർവീസ് ട്രെയിനിംഗ് ആയും, പരിശീലന കാലയളവിൽ ഇൻഡക്ഷൻ ട്രെയിനിംഗ് ആയും ബോധ്യം ഉൾപ്പെട്ടുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം നാല് ദിവസത്തെ റെസിഡൻഷ്യൽ പരിശീലനമാണ് നൽകി വരുന്നത്. തൃശൂർ പോലീസ് അക്കാദമിയിലും തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിലുമായി സി.പി.ഒ. മുതൽ എസ്.ഐ. വരെ റാങ്കിലുള്ള 10000 ഓളം പോലീസ് ഉദ്യോഗസ്ഥരെ, അതായത് ആകെ സേനയുടെ ആറിലൊന്ന് ഭാഗം ഉദ്യോഗസ്ഥരുടെ പരിശീലനം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലുള്ള സേനയെയും വരും കാല കേരളത്തിലെ പോലീസ് ഇടപെടലുകളെയും പുരോഗമനപരമാക്കുന്നതിനും ജെൻഡർ റെസ്പോൺസീവ് പോലീസിംഗ് നമ്മുടെ നാട്ടിൽ ഒരു യാഥാർത്ഥ്യമാക്കുന്നതിനും ബോധ്യം ലിംഗാവബോധ പരിശീലനം സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സമയബന്ധിതമായി നൽകുന്നതിലൂടെ വനിതാ വികസന കോർപ്പറേഷൻ ലക്ഷ്യമിടുന്നു. പദ്ധതി കൂടുതൽ പരിഷ്കരിക്കുന്നതിലേക്ക് ഈ സാമ്പത്തിക വർഷത്തിൽ ദേശീയ, അന്തർദേശീയ, തലത്തിൽ ശില്പശാല നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കോളേജുകളിൽ വിമൻ സെൽ**

വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ 100 കോളേജുകളിൽ വിമൻ സെൽ പ്രവർത്തിച്ചു വരുന്നു. വ്യക്തികളിൽ കൗമാര കാലത്ത് തന്നെ ലിംഗാവബോധം, സാമൂഹ്യാവബോധം, സൃഷ്ടിപരമായ കഴിവുകൾ, ഇച്ഛാശക്തി എന്നിവ വളർത്തുന്നതിനുള്ള വിവിധ പരിപാടികളാണ് വിമൻ സെൽ കേന്ദ്രീകരിച്ചു കൊണ്ട് നടന്നു വരുന്നത്. ആയതിന്റെ ഭാഗമായി വിവിധ വിഷയങ്ങളെ അധികരിച്ചുള്ള ശില്പശാലകൾ, സെമിനാറുകൾ, പരിശീലനങ്ങൾ, കൈയ്യെഴുത്ത് മാസികാ പ്രസിദ്ധീകരണം തുടങ്ങിയ പരിപാടികൾ വിദ്യാർത്ഥികൾ ഏറ്റെടുത്തു നടത്തുന്നുണ്ട്.

പദ്ധതിയുടെ പ്രയോജനം പ്രതിവർഷം ഇരുപതിനായിരത്തോളം വിദ്യാർത്ഥിനികൾക്ക് ലഭിക്കുന്നുണ്ട്. കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തിൽ 110 കോളേജുകളിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനും കൂടാതെ വിമൻ സെൽ മുഖേന മറ്റ് ജെൻഡറുകൾക്കും വിവിധ ജെൻഡർ ബോധവത്ക്കരണ ക്ലാസുകൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ലഹരി വിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി വിമൻ സെൽ വിദ്യാർത്ഥിനികൾ കോളേജുകളിലും വിവിധ ജില്ലാ ആസ്ഥാനങ്ങളിലും ഫ്ളാഷ് മോബ്, തെരുവ് നാടകം എന്നിവ അവതരിപ്പിച്ച് സമൂഹത്തിന് ലഹരി വിരുദ്ധ സന്ദേശം നൽകി.

## (d) പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

### പ്രോജക്ട് കൺസൾട്ടൻസി വിംഗ്

വനിതകളുടെയും/ട്രാൻസ്ജെൻഡറുകളുടെയും ഉന്നമനവും സാമ്പത്തിക സ്വാശ്രയത്വവും ലക്ഷ്യമാക്കി നടത്തിയ പ്രവർത്തനങ്ങളിലൂടെ ഒട്ടനവധി സംരംഭകരെയാണ് വിവിധങ്ങളായ വായ്പാ പദ്ധതികളിലൂടെ കോർപ്പറേഷൻ സംസ്ഥാനത്തിന് സംഭാവന ചെയ്തിട്ടുള്ളത്. കോർപ്പറേഷൻ നിലവിൽ വന്നിട്ട് 35 വർഷങ്ങൾ പിന്നിടുമ്പോഴും 1100 കോടി രൂപയിലധികം സംരംഭക വായ്പായിനത്തിൽ നൽകുന്നതിനും അതു വഴി വനിതകളെ സംരംഭകത്വത്തിലേക്ക് നയിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേവലം വായ്പാ വിതരണത്തിൽ മാത്രം ഒതുങ്ങി നിൽക്കാതെ, വളർന്നു വരുന്ന സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദേശ്ശങ്ങൾ നൽകി ശരിയായ ദിശയിൽ അവരുടെ വ്യവസായം ലാഭകരമാക്കി മാറ്റുന്നതിന് സഹായകരമാകുന്ന ഒരു പ്രോജക്ട് കൺസൾട്ടൻസി വിംഗ് രൂപീകരിക്കുവാൻ കോർപ്പറേഷൻ പദ്ധതിയിടുന്നു. പദ്ധതിയുടെ ഉദ്ദേശങ്ങൾ-

1) സ്ത്രീകൾ/ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സംരംഭങ്ങൾക്കായി അതിന്റെ തുടക്കം മുതൽക്കെ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ശരിയായ ദിശയിൽ അവരുടെ വ്യവസായം ലാഭകരമാക്കി മാറ്റുന്നതിന് സഹായകരമാകുക.
2) വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ/ഏജൻസികൾ നടത്തി വരുന്ന സംവിധാനങ്ങളെയും കോർപ്പറേഷന്റെ സേവനങ്ങളെയും കോർത്തിണക്കി എല്ലാ വിവരങ്ങളും ഒരു കുടക്കീഴിൽ സംയോജിപ്പിക്കുന്ന ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുക.
3) പി.സി.ഡബ്ല്യൂ. യുടെ വിവിധ ഡിവിഷനുകൾ വഴി സംരംഭകർക്ക് ആവശ്യമായ പിന്തുണ നൽകുക. (ബിസിനസ് ഇൻക്യൂബേഷൻ ഡിവിഷൻ, ഫിനാൻഷ്യൽ അഡ്വൈസറി ഡിവിഷൻ, ഓപ്പറേഷണൽ കൺസൾട്ടൻസി ഡിവിഷൻ, ടെക്നിക്കൽ/ഐ.റ്റി കൺസൾട്ടൻസി ഡിവിഷൻ, ആർ&ഡി ഡിവിഷൻ, ക്വാളിറ്റി മാനേജ്മെന്റ് ഡിവിഷൻ, സെയിൽസ് & മാർക്കറ്റിംഗ് കൺസൾട്ടൻസി ഡിവിഷൻ, ലീഗൽ കൺസൾട്ടൻസി ഡിവിഷൻ, ട്രെയിനിംഗ് ഡിവിഷൻ, ബിസിനസ് ക്ലിനിക്ക്).

സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയത്തിന് കൂടുതൽ കരുത്തേകാനും സംരംഭകത്വത്തിന്റെ ആശയ രൂപീകരണം മുതൽ അത് പ്രാവർത്തികമാക്കുന്നതു വരെയും തുടർന്നും വേണ്ട കൈത്താങ്ങ് നൽകാനും ഇത്തരമൊരു വിംഗ് സഹായകരമാകും.

**ഫ്യൂച്ചർ വിമൻ ലീഡേഴ്സ് ഗ്രൂമിംഗ് പ്രോഗ്രാം**

സാമൂഹ്യ രാഷ്ട്രീയ ഭരണ മേഖലകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധപ്പിക്കുന്നതിന് വേണ്ടി നേതൃത്വ വികസന പദ്ധതികളുടെ ആവശ്യകതയെക്കുറിച്ച് കോർപ്പറേഷന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ സ്ത്രീകളുടെ നേതൃത്വ വികസനം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികൾ ഫ്യൂച്ചർ വിമൻ ലീഡേഴ്സ് പ്രോഗ്രാം എന്ന പേരിൽ നടപ്പാക്കുന്നതിന് കോർപ്പറേഷൻ ലക്ഷ്യമിടുന്നുണ്ട്. ഇതിന് വേണ്ടി പൈലറ്റ് അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളമുള്ള വിവിധ കോളേജുകളിലെ വിമൻ സെല്ലിൽ നിന്നും നാമ നിർദ്ദേശം ചെയ്യപ്പെടുന്ന മൂന്നാം സെമസ്റ്റർ പി.ജി. വിദ്യാർത്ഥിനികൾക്ക് അഡ്മിനിസ്ട്രേഷനിലും നേതൃത്വ പരിശീലനത്തിലും 100 മണിക്കൂർ ദൈർഘ്യമുള്ള പരിശീലനം സംഘടിപ്പിക്കുവാൻ കോർപ്പറേഷൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. വിവിധ വകുപ്പുകളിൽ നിന്നുള്ള റിസോഴ്സ് പേഴ്സൺമാരും പ്രമുഖ വനിതാ നേതാക്കളും അക്കാദമിക് വിദഗ്ദ്ധരും വിവിധ ഓറിയന്റേഷനും പരിശീലന സെഷനുകളും നിർവഹിക്കും. ശിൽപശാലയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് അക്കാദമിക് ക്രെഡിറ്റുകൾ നൽകുന്നതിനുള്ള സാധ്യതയും കോർപ്പറേഷൻ പരിശോധിക്കും.

സെക്ഷൻ ഓഫീസർ